**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4735.** **26.10.2016 ന് മറുപടിയ്ക്ക്**

**മദ്യ ഉപയോഗത്തിൽ നിന്ന് വിട്ടുനിൽക്കുവാൻ അവയർനസ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ജനങ്ങളിൽ മദ്യ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവബോധം ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഒരു അവയർനസ് മിഷൻ രൂപീകരിക്കുവാൻ നടപടി സ്വീകരിയ്ക്കുമെന്ന് 24.06.2016 ലെ ബഹു. ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കുമോ; | (എ) | 2016-17 ലെ ഗവർണ്ണറുടെ നയപ്രഖ്യാപന ത്തിലും, സർക്കാരിന്റെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും, സമൂഹത്തിന്റെ എല്ലാ മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുവാനും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടി ഒരു ബോധവത്ക്കരണ മിഷന് രൂപം നൽകുമെന്ന് സൂചിപ്പിച്ചിരുന്നു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന – മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ, **"വിമുക്തി"** ജി.ഒ.(എം.എസ്)94/2016/റ്റി.ഡി 06/10/2016 |

| | | | |
|---|---|---|---|
| | | | തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br>യുവജനങ്ങളേയും വിദ്യാർത്ഥികളേയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. ബഹു: മുഖ്യമന്ത്രി ചെയർമാനായ മേൽ മിഷന്റെ ഗവേണിംഗ് ബോഡിയിൽ ബഹു: എക്സൈസ് വകുപ്പ്മന്ത്രി വൈസ് ചെയർമാനും, നികുതി വകുപ്പ്, സെക്രട്ടറി കൺവീനറുമാണ്. ബഹു.എക്സൈസ് വകുപ്പ്മന്ത്രി ചെയർമാനായും എക്സൈസ് കമ്മീഷണർ കൺവീനറായും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റിയും, തദ്ദേശ സ്വയം ഭരണ സ്ഥാപനതലം, വാർഡ്തലം, ഭരണതലം - സ്റ്റേറ്റ് ഭരണതലം - ജില്ലാതലം എന്നീ ഘടനകളും **"വിമുക്തി"**യ്ക്ക് ഉണ്ടായിരിക്കുന്നതുമാണ്.<br>ലഹരി വർജ്ജന മിഷന്റെ മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ, ഓഫീസ് സംവിധാനം ആരംഭിക്കൽ, മറ്റ് ഭരണതല ചെലവുകൾ എന്നിവ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ ഏർപ്പെടുത്തിയ 5% പുനരധിവാസ സെസ് ഇനത്തിൽ സമാഹരിയ്ക്കുന്ന തുകയിൽ നിന്നും കണ്ടെത്തുന്നതാണ്. വിമുക്തിയുടെ സംസ്ഥാനതല ഉദ്ഘാടനം 2016 |

| | | | |
|---|---|---|---|
| | | | നവംബർ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | തൃശ്ശൂരിലെ എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്റർ, നാഷണൽ അക്കാദമി ആക്കി ഉയർത്തുന്ന നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിവരിക്കുമോ? | (ബി) | തൃശ്ശൂരിലെ എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്ററിനെ നാഷണൽ അക്കാദമി ആക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയാണ്.<br>1. എക്സൈസ് അക്കാദമിയുടെ വികസനത്തിനായി അക്കാദമിയോട് ചേർന്ന് കിടക്കുന്ന 5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>2. എക്സൈസ് അക്കാദമിയിൽ ബെൽ ഓഫ് ആംസിന്റെ പണി പൂർത്തികരിച്ചിട്ടുണ്ട്. 0.303 റൈഫിളുകൾ 122 എണ്ണം അനുവദിച്ചു കിട്ടിയിട്ടുണ്ട്.<br>3. ആധുനിക രീതിയിലുള്ള ക്ലാസ് റൂമുകളും, കമ്പ്യൂട്ടർ ലാബും, ലൈബ്രറിയും നിലവിലുണ്ട്.<br>4. വീഡിയോ കോൺഫറൻസിംഗ് റൂം സജ്ജമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>5. നീന്തൽ കുളത്തിന്റെ പണി പുരോഗമിച്ചു വരുന്നു.<br>6. ഫയറിംഗ് ബട്ട് നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>7. എക്സൈസ് അക്കാദമിയിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**